പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 534 12-06-2012 ന് മറുപടിയ്ക്ക്

## ഗ്രീൻ പൂങ്കാവനം പദ്ധതി

**ചോദ്യം**

ശ്രീ. സി.പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. അച്ചുതൻ :

**ഉത്തരം**

ശ്രീ. കെ.ബി. ഗണേഷ് കുമാർ.
(വനവും സ്പോർട്സും സിനിമയും
വകുപ്പ് മന്ത്രി.)

എ) ഗ്രീൻ പൂങ്കാവനം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

എ) ഗ്രീൻ പൂങ്കാവനം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ജൈവവൈവിധ്യം കാത്തു സൂക്ഷിക്കുക.
2. പമ്പാനദിയും പൂങ്കാവനവും മാലിന്യ മുക്തമാക്കുക.
3. പരിസ്ഥിതി മലിനീകരണം ഒഴിവാക്കുക.
4. വന്യജീവികൾക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്ന പ്ലാസ്റ്റിക് ഖരമാലിന്യങ്ങൾ ഒഴിവാക്കുക.
5. കാട്ടുതീയിൽ നിന്നും അനധികൃത പ്രവർത്തനങ്ങളിൽ നിന്നും കാടിനെ സംരക്ഷിക്കുക.
6. തീർത്ഥാടകർക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുക.
7. ഗുണമേന്മയുള്ള ആഹാര സാധനങ്ങൾ തീർത്ഥാടകർക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കുക.
8. തീർത്ഥാടകർക്ക് ആവശ്യാനുസരണം കുടിവെള്ളം ഉറപ്പാക്കുക.
9. പമ്പാനദിയുടെ പരിശുദ്ധിയും പൂങ്കാവനത്തിന്റെ പാവനതയും കാത്തുസൂക്ഷിച്ചുകൊണ്ട് തീർത്ഥാടകർക്ക് സുഖദർശനം ഉറപ്പാക്കുക.

ബി) ശബരിമല തീർത്ഥാടനം പരിസ്ഥിതി സൗഹൃദവും മാലിന്യ മുക്തവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

ബി) ശബരിമല തീർത്ഥാടനം പരിസ്ഥിതി സൗഹൃദവും മാലിന്യ മുക്തവുമാക്കുന്നതിന് താഴെ പറയുന്ന നടപടികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

1. പൊതുജനങ്ങൾക്കായുള്ള ബോധവൽക്കരണം.
2. തീർത്ഥാടകർക്കായുള്ള ബോധവൽക്കരണം.
3. പമ്പയിലും പൂങ്കാവനത്തിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ കുന്നുകൂടുന്നത് തടയുന്നതിനായി തീർത്ഥാടക പാതയോരങ്ങളിൽ പ്ലാസ്റ്റിക് ശേഖരണം നടത്തുക. മാലിന്യ നിക്ഷേപ കൂടകൾ സ്ഥാപിക്കുക.
4. ഖരമാലിന്യങ്ങളുടെ ശേഖരണത്തിനും നീക്കം ചെയ്യലിനുമായി വന സംരക്ഷണ സമിതി പ്രവർത്തകരെയും തദ്ദേശവാസികളെയും ഉൾപ്പെടുത്തുക.
5. വടശ്ശേരിക്കര, ളാഹ, പ്ലാപ്പള്ളി, ആങ്ങമൂഴി, നിലക്കൽ, പമ്പ തുടങ്ങിയ സ്ഥല ങ്ങളിൽ ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കുക.
6. വന സംരക്ഷണ സമിതികളുടെ നേതൃത്വത്തിൽ തീർത്ഥാടക സമാശ്വാസ കേന്ദ്രങ്ങളിൽക്കൂടി തീർത്ഥാടകർക്ക് കുടിവെള്ളവും ഭക്ഷണവും ന്യായവിലയ്ക്ക് നല്കുക.
7. തീർത്ഥാടന കാലത്തെ ദുരന്തങ്ങൾ ഒഴിവാക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന മൊബൈൽ ഫോറസ്റ്റ് റെസ്ക്യൂ ഫോഴ്സ് സംഘടിപ്പിക്കുക.
8. പമ്പയിലുള്ള ഇന്റർപ്രിട്ടേഷൻ സെന്ററിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

9. വനത്തിലൂടെയുള്ള പരമ്പരാഗത തിരുവാഭരണ ഘോഷയാത്രാപാതകൾ സംരക്ഷിക്കുക.
10. ളാഹയിലുള്ള തിരുവാഭരണ സത്രം നവീകരിക്കുക.

| | |
|---|---|
| സി) പ്രസ്തുത പദ്ധതി വിജയപ്രദമാക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | സി) സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ